# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.654 — 11/06/2014-ൽ മറുപടിക്ക്

## ജനറിക് മരുന്നുകളുടെ സൗജന്യ വിതരണ പദ്ധതി

**ചോദ്യം**

ശ്രീ. റ്റി. എൻ. പ്രതാപൻ
" വി. റ്റി. ബൽറാം
" സണ്ണി ജോസഫ്
" ജോസഫ് വാഴക്കൻ

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ജനറിക് മരുന്നുകൾ സൗജന്യമായ വിതരണം ചെയ്യുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ആർക്കെല്ലാമാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത് ; | (ബി) | 07/06/2012 തീയതിയിലെ സർക്കാർ ഉത്തരവ് നം.170/2012/ആ.കു.വ.പ്രകാരം ആദായനികുതി അടയ്ക്കുന്നവർ ഒഴികെ ചികിത്സയ്ക്കായി സർക്കാർ ആശുപത്രികളെ സമീപിക്കുന്ന എല്ലാ വിഭാഗം രോഗികൾക്കും (എ.പി.എൽ, ബി.പി.എൽ. ഭേദമന്യേ) എല്ലായിനം ജനറിക് മരുന്നുകളും സൗജന്യമായി ലഭ്യമാക്കുന്നുണ്ട്. |
| (സി) | ഏതെല്ലാം ആശുപത്രികളിലാണ് ഈ പദ്ധതി നടപ്പാക്കുന്നത് ; | (സി) | 2012 നവംബർ 1 ന് സംസ്ഥാനത്തെ 5 മെഡിക്കൽ കോളേജുകളിലും (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്) മൂന്ന് ജനറൽ ആശുപത്രികളിലും (തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്) ആദ്യഘട്ടമായി ആരംഭിച്ച ഈ പദ്ധതി 2013 ഒക്ടോബർ 2-ാം തീയതിയോടെ സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലേയ്ക്കും വ്യാപിപ്പിച്ചിട്ടുണ്ട്. |
| (ഡി) | പദ്ധതി നടത്തിപ്പിനുള്ള തുക എങ്ങനെയാണ് കണ്ടെത്തുന്നതെന്ന് വിശദമാക്കുമോ ? | (ഡി) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനാണ് ഇതിനാവശ്യമായ മരുന്ന് ലഭ്യമാക്കുന്നത്. പദ്ധതിയ്ക്കാവശ്യമായ തുക സംസ്ഥാന സർക്കാർ ലഭ്യമാക്കി വരുന്നു. കൂടാതെ 30/06/2012 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ.) നം.200/2012/ആ.കു.വ. പ്രകാരം പ്രസ്തുത പദ്ധതി നടത്തിപ്പിനുള്ള തുക സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ വിൽപ്പനയിൽ 1% സെസ്സ് ചുമത്തി ഈടാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ